# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7494 — 17.07.2012-ൽ മറുപടിക്ക്

## സീഡ് ഫാമുകളിൽ പ്രവർത്തനം വിപുലപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) അടൂർ നിയോജക മണ്ഡലത്തിലുള്ള പന്തളം കരിമ്പിൻ വിത്ത് ഉല്പാദനകേന്ദ്രം, അടൂർ സീഡ് ഫാം എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) പ്രസ്തുത ഫാമുകളിൽ ഫലവൃക്ഷത്തൈകളും തെങ്ങിൻ തൈകളും അലങ്കാരച്ചെടികളും മറ്റും ഉല്പാദിപ്പിച്ച് കർഷകർക്ക് നല്ലയിനം കാർഷിക വിത്തുകൾ ന്യായവിലയ്ക്ക് യഥാസമയം നൽകുന്നതിനുള്ള എല്ലാ സൗകര്യങ്ങളും നിലനിൽക്കുന്നത് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) 2011-2012 സാമ്പത്തിക വർഷം പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിൽ താഴെ പറയുന്ന വിത്തുകളും നടിൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ന്യായവിലയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. |

| | |
|---|---|
| 1) പച്ചക്കറി വിത്ത് | - 1112 കി.ഗ്രാം |
| 2) വാഴ വിത്ത് | - 13350 |
| 3) അലങ്കാരചെടി | - 5275 |
| 4) കിഴങ്ങു വർഗ്ഗങ്ങൾ | - 7300 കി.ഗ്രാം |
| 5)വേരു പിടിപ്പിച്ച കുരുമുളക് വള്ളി | - 4.034 ലക്ഷം |
| 6) ഇഞ്ചി/മഞ്ഞൾ | - 2900 കി.ഗ്രാം |
| 7) കരിമ്പ് | - 2.7 ലക്ഷം |
| 8) ശർക്കര | - 15940 കി.ഗ്രാം |
| 9) തെങ്ങിൻതൈ | - 15000 എണ്ണം |

അടൂർ സീഡ് ഫാമിൽ നിന്നും 2011-12 വർഷം ഉൽപ്പാദിപ്പിച്ച നടിൽ വസ്തുക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1) നെൽ വിത്ത് - 24640 കി.ഗ്രാം

2) പച്ചക്കറി വിത്ത് - 122 കി.ഗ്രാം

3) വാഴ വിത്ത് - 1300 എണ്ണം

4) ഇഞ്ചി/മഞ്ഞൾ - 1260 കി.ഗ്രാം

5)കിഴങ്ങു വർഗ്ഗങ്ങൾ - 1292 കി.ഗ്രാം

കൂടാതെ ഇക്കൊല്ലവും മേൽ പ്രസ്താവിച്ച രീതിയിലുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ആഫീസർ